**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2452** **13-09-2023 - ൽ മറുപടിയ്ക്ക്**

**നെല്ല് സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നെല്ല് സംഭരിച്ച വകയിൽ ഇനിയും എത്ര തുക കൊടുത്ത് തീർക്കാനുണ്ടെന്നും എത്ര കർഷകർക്കാണ് ഈ തുക കൊടുക്കുവാനുള്ളതെന്നും വ്യക്തമാക്കാമോ; | (എ) | 2022-23 സീസണിൽ 250373 കർഷകരിൽ നിന്നും ആകെ സംഭരിച്ച 731184 മെട്രിക് ടൺ നെല്ലിന്റെ വിലയായ 2070.71 കോടി രൂപയിൽ 2023 മെയ് 16 വരെ പേ ഓർഡർ നല്കിയ കർഷകർക്ക് 1637.57 കോടി രൂപ വിതരണം ചെയ്തതിന്റെ ബാക്കിയായി 54339 കർഷകർക്കായി 433.12 കോടി രൂപയാണ് നല്കാൻ ബാക്കിയുണ്ടായിരുന്നത്. സർക്കാർ അനുവദിച്ച 180 കോടി രൂപ ഉപയോഗിച്ച് ഇതിൽ 50,000/- രൂപ വരെ ലഭിക്കാനുള്ളവർക്ക് പൂർണ്ണമായും, ശേഷിക്കുന്നവർക്ക് കിലോഗ്രാമിന് 7.92 നിരക്കിലും അവരുടെ അക്കൗണ്ടിലേയ്ക്ക് നല്കുകയും ചെയ്തു. അവശേഷിക്കുന്ന തുക SBI, Canara Bank വഴി PRS വായ്പയായി വിതരണം ചെയ്തു വരുന്നു. 08/09/2023 വരെ ഈയിനത്തിൽ 15361 കർഷകർക്കായി 137.03 കോടി രൂപ നല്കിയിട്ടുണ്ട്. |
| (ബി) | പാലക്കാട് ജില്ലയിൽ നിന്നും ഇക്കഴിഞ്ഞ രണ്ടാം വിള നെല്ല് സംഭരണത്തിൽ ആകെ എത്ര ടൺ നെല്ലാണ് സംഭരിച്ചത് എന്നും എത്ര കർഷകരിൽ നിന്നാണ് ഇത്രയും നെല്ല് സംഭരിച്ചത് എന്നും അറിയിക്കാമോ; ഇതിൽ എത്ര കർഷകർക്ക് നെല്ലിന്റെ പണം നൽകിയെന്നും ഇനി എത്ര കർഷകർക്ക് പണം നൽകാൻ ബാക്കിയുണ്ട് എന്നും തുക സഹിതം വ്യക്തമാക്കാമോ? | (ബി) | പാലക്കാട് ജില്ലയിൽ നിന്നും 2022-23 സീസണിലെ രണ്ടാം വിളയിൽ 68,764 കർഷകരിൽ നിന്നും 1,79,009.091 മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിൽ നിന്നും സംഭരിച്ച നെല്ലിന്റെ വിലയിനത്തിൽ 59,964 കർഷകർക്കായി 434.5 കോടി രൂപ 08/09/2023 വരെ നല്കിയിട്ടുണ്ട്. ഇനി 8800 കർഷകർക്കായി 72.44 കോടി രൂപ നല്കുവാൻ ബാക്കിയിട്ടുണ്ട്. ഈ തുക സ്റ്റേറ്റ് ബാങ്ക്, കാനറാ ബാങ്ക് എന്നിവ വഴി PRS വായ്പയായി വിതരണം ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ